മിസ്റ്റർ കെ. കെ. കണ്ണൻ : അന്വേഷണം നടത്തിയതു് ആരാണെന്നു് പറയാമോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : പൊല്ലീസ്സുകാരാണു്.

മിസ്റ്റർ പി. കെ. ഡിവർ : വണ്ടിക്കു വല്ല കേടും പറ്റിയോ?

Mr B. V. K. Menon *(Secretary to Government)* : No.

മിസ്റ്റർ പി. കെ. ഡീവർ : വണ്ടിക്കും വണ്ടിക്കാരനും വല്ല കോമ്പൻസേഷനും കൊടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : അന്വേഷണത്തിൽ അറിഞ്ഞതു, അയാൾ വീണു. പക്ഷെ ഒന്നും പറഞ്ഞിയില്ല അതുകൊണ്ടു എണീറ്റുപോയി. അപ്പോൾ വേറെ ഒരാൾ ചെന്നു് അങ്ങിനെ എണീറ്റു പോകരുതു് പോലീസ്സ്റ്റേഷനിൽ അറിയിക്കണം. കോമ്പൻസേഷൻ വല്ലതും കിട്ടുവാൻ തരമുണ്ടോ എന്നു നോക്കാമെന്നും മറ്റും പറഞ്ഞു കരുതിക്കൂട്ടി ചെയ്തതാണു് എന്നാണു്. എന്നിട്ടും അയാളെ മെഡിക്കലാപ്പീസറുടെ അടുത്തു കൊണ്ടുപോയി, യാതൊരു പരുക്കുമില്ലെന്നു അദ്ദേഹം പറഞ്ഞു.

മിസ്റ്റർ പി. കെ. ഡീവർ : ഈ വിവരം പറഞ്ഞതു് ആരാണു്?

മിസ്റ്റർ ബി. വി. കെ. മേനോൻ : വീണ ആൾ പറഞ്ഞതാണു്. He gave that statement.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്സ് : വണ്ടിക്കു കേടുപറ്റിയാൽ കോമ്പൻസേഷൻ കൊടുക്കാറുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : നിയമപ്രകാരം കിട്ടാൻ വല്ലതുമുണ്ടെങ്കിൽ കിട്ടും.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്സ് : ആരാണു് ഈ ഉപദേശം കൊടുത്തതു്?

മിസ്റ്റർ ബി. വി. കെ. മേനോൻ : പുലയമഹാജന സഭ Joint Secretary മിസ്റ്റർ പോങ്ങൻ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : ഈ ഉപദേശം കൊടുത്ത ആളുടെ പേരിൽ വല്ല നടപടിയും എടുത്തോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഇല്ല.

മിസ്റ്റർ പി കെ. ഡീവർ : ഈ മാതിരിയൊക്കെ അയാൾ പറഞ്ഞു എന്നു പോല്ലീസ്സ് സ്റ്റേറ്റുമെണ്ടിലുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഉണ്ടായിരിക്കാം.

മിസ്റ്റർ കെ. കെ. കണ്ണൻ : പരുക്കു പറ്റിയിട്ടില്ലെങ്കിലും കേടവല്ലതും പറ്റിയിട്ടുണ്ടായിരുന്നൊ?

Mr. B. V. K. Menon *(Secretary to Government)* : As far as the Doctor can find out there was neither any external injury nor symptom of any internal injury.

ARTICLE IN THE "DEENABANDHU" DATED 6TH MEDAM 1121

454. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) [illegible] മേടം ൧-ാംതീയതിയിലെ "ദീനബന്ധുവിൽ" 'പരാതി പറയുവാൻ ചെന്നവർക്കു അടി' എന്നു തലക്കെട്ടിൽ പടന്നസമുദായക്കാരായ സി. എ. കുഞ്ഞൻ, സി. വി. വേലായുധൻ, കെ. ബാലകൃഷ്ണൻ എന്നിവർ പുറപ്പെടുവിച്ച ഒരു പ്രസ്ഥാപന ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെണ്ടു് എന്തു് അന്വേഷണം നടത്തി;

(സി) അന്വേഷണത്തിന്റെ ഫലം എന്താണു്?

മിസ്റ്റർ ബി. വി. കെ. മേനോൻ:

(എ) ഉവ്വു.

(ബി) തൃശ്ശിവപേരൂർ ഡിവിഷ്യൻ ഇൻസ്പെക്ടർ ആക്ഷേപത്തെപ്പറ്റി അന്വേഷണം നടത്തി.

(സി) കുറ്റവാളികളാണെന്നു കണ്ട [illegible] നായർ ഹെഡ്കോൺസ്റ്റബിളിനേയും [illegible] നമ്പൂരികളായ കോൺസ്റ്റബിൾമാരേയും ശിക്ഷിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ : എന്ത ശിക്ഷയാണ് കൊടുത്തത്?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഡിഗ്രേഡ് ചെയ്തു.

മിസ്റ്റർ കെ. ടി. അച്ചുതൻ : ഏത സ്റ്റേഷനിലാണ് ഇതുണ്ടായത്?

മിസ്റ്റർ ബി. വി. കെ. മേനോൻ : തൃശ്ശിവപേരൂർ കസ്ബാ.

LIST OF POLICE OFFICERS DRAWING SALARY ABOVE Rs. 150

455. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കൊച്ചിയിലെ പോലീസ് ഡിപ്പാർട്ട്മെണ്ടിൽ ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരിൽ 150 ക.യ്ക്കുമേൽ ശമ്പളമുള്ളവർ ആര;

(ബി) അവർ ആരെല്ലാം; ഓരോരുത്തരുടേയും പരീക്ഷായോഗ്യത, ജാതി, സ്ഥിരം ശമ്പളം, ഒഫീഷിയേറ്റിംഗ് ശമ്പളം, ആകെയുള്ള സർവ്വീസ്, ഇവകൾ പ്രത്യേകം പ്രത്യേകം കാണിക്കണം;

(സി) ഇവർ ഓരോരുത്തർക്കും ഇതുവരെ എത്ര റിവാർഡ് വീതം കിട്ടിട്ടുണ്ട്?

മിസ്റ്റർ ബി. വി. കെ. മേനോൻ :

(എ) ആറ്.

(ബി) ലിസ്റ്റ് മേശപ്പുറത്ത വെച്ചിരിക്കുന്നു.

(സി) മേൽവിവരിച്ച ലിസ്റ്റിൽ ചേർത്തിട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : Intelligence and Transport Officer ുടെ ആദ്യത്തെ ശമ്പളമെന്തായിരുന്നു?

മിസ്റ്റർ ബി. വി. കെ. മേനോൻ : ഇതു പുതിയതായി ഉണ്ടാക്കിയ പോസ്റ്റാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഇതിനു മുമ്പു ഈ Intelligence and Transport Officer ആയി നിയമിതനായ ആളുടെ ജോലി എന്തായിരുന്നു.

മിസ്റ്റർ ബി. വി. കെ. മേനോൻ : അദ്ദേഹം പൊല്ലീസ്സു കമ്മീഷണരുടെ പേർസനൽ അസിസ്റ്റണ്ടായിരുന്നു.

FOOD PRODUCTION SCHEME

456. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) അധീകൃത കോളനികളിൽപെട്ട സ്ഥലങ്ങൾ കോളനിവാസികളും അധീകൃതരും അല്ലാത്തവർക്കും ഭക്ഷ്യോൽപാദന പദ്ധതി അനുസരിച്ചു കൃഷിചെയ്യുവാൻ കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലം ഏതേതു കോളനികളിൽ;

(സി) ആരാണ് ഇപ്രകാരം കൊടുത്തത്;

(ഡി) സംരക്ഷകന്റെ അറിവും അനുവാദത്തോടുകൂടിയാണൊ ഈ സ്ഥലങ്ങൾ കൊടുത്തിട്ടുള്ളത്?

റാവു സാഹിബ് സി. ജെ. മാത്യു :

(എ) ഇപ്പോൾ ഇല്ല. ഉണ്ടായിരുന്നതു മടക്കി എടുത്തു.

(ബി), (സി) & (ഡി) ഉത്തരം ആവശ്യമില്ല.

RESOLUTION—ALL COCHIN VETTUVA MAHASABHA

457. മിസ്റ്റർ കെ. കൊച്ചുകുട്ടൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ ചിലേടങ്ങളിൽ അവിടത്തെ വേട്ടുവക്കു കോളനി വെച്ചുകൊടുക്കണമെന്നായി അഖിലകൊച്ചി വേട്ടുവ മഹാസഭയുടെ കഴിഞ്ഞ വാർഷികത്തിൽ നിന്നും പ്രമേയം പാസ്സാക്കി അയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുനടപടിയാണ് ഗവൺമെണ്ട് ഇക്കാര്യത്തിൽ എടുത്തിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly